ALL KERALA TRADE INSTRUCTORS AND TRADESMANS ORGANISATION
DEPARTMENT OF TECHNICAL EDUCATION
Reg. No. 268/92, Govt. Recognised as per GO (P) 34/92 P&ARD Dated 19-08-92
STATE COMMITTEE
Ph: 7012963610

For Internal Circulation only

# AKTO NEWS LETTER

Volume I    Issue :1    June 2017

aktostatecommittee@gmail.com



## സ്ഥാപക നേതാവിന്റെ സന്ദേശം

'അക്റ്റോ' ന്യൂസ് ലെറ്റർ തുടങ്ങുന്നത് അറിയുന്നതിൽ വലിയ സന്തോഷം. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഭൂരിപക്ഷത്തിന്റെ ശബ്ദം ഈ ന്യൂസ് ലെറ്ററിലൂടെ അറിയാം....

ഈ ഉദ്ധ്യമത്തിന് തുടക്കമിട്ട ഭാരവാഹികൾക്കും പ്രവർത്തകർക്കും കൂപ്പുകൈ...

**ഉണ്ണിക്കൃഷ്ണൻ എ.**
മുൻ ജനറൽ സെക്രട്ടറി,
അക്റ്റോ

# 27-ാം സംസ്ഥാന സമ്മേളനം

## 2017 മാർച്ച് 18 കോട്ടയം

27-ാം സംസ്ഥാന സമ്മേളനം 2017 മാർച്ച് 18 ന് കോട്ടയത്ത് ജില്ലാ പഞ്ചായത്ത് സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയമോൻ സി.റ്റി. പതാക ഉയർത്തിയതോടെ സമ്മേളന പരിപാടികൾ ആരംഭിച്ചു. പതാക ഉയർത്തൽ സമയത്ത് പതിവിലും കവിഞ്ഞ അംഗങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തിചേർന്നിരുന്നു.

9.30 ന് ഈശ്വരപ്രാർത്ഥനയോടുകൂടി പ്രസിഡന്റ് ശ്രീ. ജയമോൻ Z. T. യുടെ അദ്ധ്യക്ഷതയിൽ പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തെത്തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ. പി.പി. അബ്ദുറഹ്മാൻ അവതരിപ്പിച്ച 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ശ്രീ. വി.എം. അബു അവതരിപ്പിച്ച സംഘടനാ വരവ് ചെലവ് കണക്കുകളും

## ജനറൽ സെക്രട്ടറിയുടെ സന്ദേശം

ശ്രീ. ഉണ്ണിക്കൃഷ്ണൻ മാഷ് തുടക്കം കുറിച്ച ഓൾ കേരളാ ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മെൻസ് ഓർഗനൈസേഷൻ (അക്റ്റോ) സംഘടന 1991 ൽ തുടക്കം കുറിക്കുകയും സംഘടനയ്ക്ക് 19-8-1992 ൽ കേരള ഗവൺമെന്റിന്റെ അംഗീകാരം (രജി. നം. 268/92 ജി. ഒ. (പി) 34/92 പി & എ.ആർ.ഡി. 19-8-92) ലഭിക്കുകയും ചെയ്തു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മാൻമാരുടെയും വിഭാഗത്തിൽ കക്ഷിരാഷ്ട്രീയമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സംഘടനയാണ് അക്റ്റോ. സംഘടന രൂപീകരിക്കുന്നതിനു മുൻപ് നമ്മുടെ ജീവനക്കാർക്ക് പലവിധത്തിലുള്ള ത്യാഗങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ സംഘടനയുടെ പിറവിയോടെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അർഹമായ പരിഗണന നേടിക്കൊടുക്കുവാനും അക്റ്റോയ്ക്ക് സാധിച്ചിട്ടുണ്ട്.

'ഒറ്റക്കെട്ടായി മുന്നേറുക, സംഘടനയെ ശക്തിപ്പെടുത്തുക' എന്ന മുദ്രാവാക്യം ഉച്ചരിച്ചുകൊണ്ട് ഓരോ ജീവനക്കാരും പ്രവർത്തിക്കുക.

റംസാൻ വ്രതം അനുഷ്ഠിക്കുന്ന എല്ലാ സഹോദരി സഹോദരന്മാർക്കും റംസാൻ ആശംസകൾ

**സൂരജ് ജി.**
ജനറൽ സെക്രട്ടറി, അക്റ്റോ





സമ്മേളനം അംഗീകരിച്ചു.

കോട്ടയം ജില്ലാ പഞ്ചായത്തു പ്രസിഡന്റും സ്വാഗതസംഘം ചെയർമാനും ആയ ശ്രീ.ജോഷി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ 11.30 ന് പൊതുസമ്മേളനത്തിന് തുടക്കമായി. ജനറൽ സെക്രട്ടറി ശ്രീ. പി.പി. അബ്ദുറഹമാൻ സ്വാഗതം ആശംസിച്ചു. തുടർന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കക്ഷി രാഷ്ട്രീയ ഭേദമന്യേ സംഘടനാ തലത്തിൽ പൊതുവായ ശബ്ദമാണ് എ.കെ.റ്റി.ഒ. എന്ന് മനസ്സിലാക്കാൻ സാധിച്ചുവെന്നും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ആവശ്യങ്ങൾ നേടിയെടുക്കാം എന്ന് പറയുകയുണ്ടായി. ശമ്പള പരിഷ്കരണത്തിൽ വന്ന അപാതകതകൾ അനോമലി കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും അതിനായി പ്രവർത്തിക്കണമെന്നും സംഘടനയോട് ആവശ്യപ്പെട്ടു. ഇന്ന് ട്രേഡ് ഇൻസട്രക്ടർമാർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അധികരിച്ച് 1:1:3 എന്നുള്ളത് 1:1:1 എന്നാക്കുന്നതിനുവേണ്ടി നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കാം എന്നും എന്നെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ ചെയ്തുതാരം എന്നും ഉറപ്പു നൽകി.

അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീ. ജോഷി ഫിലിപ്പ് എ.കെ.റ്റി.ഒ.യെ അഭിനന്ദിക്കുകയും 2015- 16 വർഷത്തെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി ടെക്നിക്കൽ സെല്ലിൽ നിന്നും (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്) തെരഞ്ഞെടുക്കപ്പെട്ട എ.കെ.ടി.ഒ. സംസ്ഥാന വൈസ് പ്രസിഡന്റുകൂടിയായ ശ്രീമതി പി. ബീനാകുമാരിക്ക് മെമന്റോ നൽകി ആദരിച്ചു. തുടർന്ന് വിവിധ സംഘടനാ നേതാക്കളായ ശ്രീ. രഞ്ജു കെ. മാത്യു (കോട്ടയം ജില്ലാ പ്രസിഡന്റ് എൻ.ജി.ഒ. അസോസിയേഷൻ), ശ്രീ. എസ്. പി. സുമോദ് (ജില്ലാ പ്രസിഡന്റ് ജോയിന്റ് കൗൺസിൽ), ശ്രീ. സജി ചിറയത്ത് (സംസ്ഥാന സെക്രട്ടറി എൻ.ജി.ഒ. ഫ്രണ്ട്), ശ്രീ. ഡി. പ്രകാശൻ (സംസ്ഥാന സെക്രട്ടറി ജി.പി.റ്റി.എസ്.എ.) എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി പി. ബീനാകുമാരി നന്ദി രേഖപ്പെടുത്തി.

ഉച്ച ഭക്ഷണത്തിനുശേഷം യാത്രഅയപ്പ് സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ശ്രീ.നൈസാം എം. അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ജയമോൻ Z. T. ഉദ്ഘാടനം നിർവ്വഹിച്ചു. ദീർഘകാലത്തെ സർവ്വീസിനു ശേഷം വിരമിക്കുന്ന 22 സംഘടനാ അംഗങ്ങൾക്ക് ഉപഹാര സമർപ്പണം ശ്രീ. പി.പി. അബ്ദുറഹമാൻ നിർവ്വഹിച്ചു. 10, +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കൾക്ക് ഉപഹാരവും സമ്മാനിച്ചു. കാവ്യരചനയിൽ മികവ് കാട്ടിയ സജികുമാറിന് ഉപഹാരം നൽകി.

## സംഘടനയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും

1. കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രേഡ് ഇൻസ്ട്രക്ടേഴ്സ്, ട്രേഡ്സ്മാൻ തുടങ്ങിയ ജീവനക്കാരുടെ സേവനപരവും, സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ ഉന്നതിക്കുവേണ്ടി കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രവർത്തിക്കും.
2. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തുടങ്ങിയ ജീവനക്കാരുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തും സാങ്കേതിക വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കിയും പ്രവർത്തിക്കുകയും ചെയ്യും.

## പ്രമേയാവതരണത്തിലൂടെ വന്ന ആവശ്യങ്ങൾ

1. എ.കെ.ടി.ഒ.യുടെ നിയമാവലി ആവശ്യമായ ഭേദഗതികൾ വരുത്തിയശേഷം ഓരോ യൂണിറ്റിനും എത്തിച്ചു കൊടുക്കണം.
2. റേഷ്യോ പ്രമോഷൻ 1:1:3 എന്ന അനുപാതത്തിൽ നിന്നും 1:1:1 എന്ന അനുപാതത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തണം.
3. ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളുടെ ശമ്പളത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.
4. കമ്പ്യൂട്ടർ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ സാധ്യത നിലച്ചിരിക്കുന്ന സാഹചര്യത്തിൽ ജനറൽ എഡ്യൂക്കേഷൻ വിഭാഗത്തിലും റ്റി.എച്ച്.എസ്. ലും കമ്പ്യൂട്ടർ ട്രേഡ് ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
5. ഗവ. സർവ്വീസിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചിൽ നിന്നും ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കും എന്നിരിക്കെ എയ്ഡഡ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് എംപ്ലോയ്മെന്റ് മുഖാന്തിരം ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കുന്നില്ല. ആയതിനാൽ സംഘടനയുടെ ഇടപെടൽ ഉണ്ടാകണമെന്ന ആവശ്യം ഉന്നയിച്ചു.
6. സംഘടനയുടെ വരവ് ചെലവ് കണക്കുകൾ അര പേജിൽ ഒതുക്കാതെ വ്യക്തമായ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കണം.
7. പ്രവർത്തനങ്ങൾ താഴേത്തട്ടുമുതൽ തുടങ്ങുകയും, കൃത്യമായി വിവരങ്ങൾ അംഗങ്ങളെ അറിയിക്കുകയും, എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ എല്ലാ കമ്മിറ്റിയംഗങ്ങളെയും അറിയിക്കുക.
8. എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിലിനെക്കുറിച്ച് വിശദമായി പഠിച്ചശേഷം വേണ്ട നടപടികൾ സ്വീകരിക്കുക.

## പ്രധാനപ്പെട്ട ഓർഡറുകൾ/ സർക്കുലർ/ ട്രാൻസ്ഫർ

EB2/3956/17/ ഡി.ടി.ഇ. 26-5-2017 പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർമാരുടെ 2017 ലെ പൊതു സ്ഥലമാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ആകെ 190 ട്രേഡ് ഇൻസ്ട്രക്ടർമാർക്ക് സ്ഥലം മാറ്റം ലഭിച്ചു.

പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ പ്രകാരം സർക്കാർ ജീവനക്കാർക്ക് പുതുതായി ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവ്. GO (P) No. 54/2017 Fin.Dt. 24/4/2017. പദ്ധതിയിൽ 300 രൂപ അടയ്ക്കണം

## ആദായനികുതി റിട്ടേണിന് ആധാർ നിർബന്ധം

2017 ധനകാര്യ നിയമത്തിലൂടെ ആദായനികുതി നിമയത്തിൽ ചേർത്തിട്ടുള്ള 139 എ.എ. വകുപ്പ് പ്രകാരം ജൂലൈ മുതൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ ആധാർ നിർബന്ധമാക്കി.

# 2017–18 വർഷത്തെ പ്രഥമയോഗവും സ്വാഗതസംഘം പിരിച്ചുവിടലും

സംഘടനാ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2017–18 വർഷത്തെ സംസ്ഥാന കമ്മിറ്റി പ്രഥമയോഗം കോട്ടയം ഹോട്ടൽ മാലി ഇന്റർനാഷണലിൽ വെച്ച് 2017 ഏപ്രിൽ 1 ന് നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. ഗംഗാധരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി. 27–ാം സംസ്ഥാന സമ്മേളനം നടന്നതിനേക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. വി.എം. അബു സമ്മേളന വരവു ചെലവ് കണക്കുകൾ അവതരിപ്പിച്ചു. വരവ് 2,29,680 രൂപയും ചെലവ് 1,71,046 രൂപയുമാണ്. വരവ് ചെലവ് കണക്കുകൾ യോഗം അംഗീകരിച്ചു. ഒരു വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി ജനറൽ സെക്രട്ടറി രൂപരേഖ അവതരിപ്പിച്ചു. 27–ാം സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം പിരിച്ചുവിട്ടു.

## യോഗത്തിൽ എടുത്ത തീരുമാനങ്ങൾ

1. മെമ്പർഷിപ്പ് വിതരണം ജൂൺ 2 ന് തിരുവനന്തപുരത്ത് വെച്ച് ഉദ്ഘാടനം ചെയ്യുവാൻ തീരുമാനിച്ചു. അംഗത്വ ഫീസ് 20 രൂപയായി തുടരുവാനും ജൂൺ 30 ന് മുമ്പായി മെമ്പർഷിപ്പ് പൂർത്തിയാക്കുവാനും അതിനാവശ്യമായ മെമ്പർഷിപ്പ് ക്യാമ്പെയിൻ നടത്തുവാനും തീരുമാനിച്ചു.
2. അംഗങ്ങൾക്ക് എ.കെ.ടി.ഒ.യുടെ പ്രവർത്തനങ്ങൾ അറിയുന്നതിനായി വർഷത്തിൽ നാല് ന്യൂസ് ലെറ്റർ (ഇന്റേണൽ സർക്കുലേഷൻ) പബ്ലിഷ് ചെയ്യുവാനും തീരുമാനിച്ചു. എഡിറ്റോറിയൽ ടീമിൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരോടൊപ്പം ബീനാകുമാരി പി. (ആർ.ഐ.ടി. കോട്ടയം), വി.പി. എൽദോസ് (എം.എ.സി.ഇ., കോതമംഗലം) എന്നിവരേയും ഉൾപ്പെടുത്തി.
3. സംഘടനയുടെ വെബ്സൈറ്റ് തുടങ്ങുവാനും തീരുമാനിച്ചു.
4. സംഘടനയുടെ അക്കൗണ്ട് തിരൂരിൽ നിന്നും ആലുവായിലേയ്ക്ക് മാറ്റുവാൻ ജനറൽ സെക്രട്ടറിയേയും ട്രഷറേയും ചുമതലപ്പെടുത്തി.
5. ട്രേഡ് ഇൻസ്ട്രക്റ്റർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കുന്നതിനു വേണ്ടി നിയമസഭയിൽ ഉന്നയിക്കാമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.യുടെ ഉറപ്പിനെ തുടർന്ന് അദ്ദേഹത്തെപ്പോയിക്കണ്ട് നിവേദനം കൊടുക്കുവാൻ തീരുമാനിച്ചു.
6. എ.ഐ.സി.ടി.യെക്കുറിച്ച് പഠിക്കുവാനും റിപ്പോർട്ടു നൽകുവാനും വിശ്വരാജ്, അബുബേക്കർ, ബീനാകുമാരി. ജയമോൻ, അബ്ദുൾറഹ്മാൻ എന്നിവരെ ചുമതലപ്പെടുത്തി.

## പോളിടെക്നിക്ക് കോളേജുകളിൽ കോമ്പൻസേറ്ററി അലവൻസ് തിരിച്ചു പിടിക്കൽ– ഡി.ടി.ഇ. സർക്കുലർ

16–4–2017 ൽ അടിയന്തിര എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ജനറൽ സെക്രട്ടറിയുടെ വസതിയിൽവെച്ച് കോമ്പൻസേറ്ററി അലവൻസായി ട്രേഡ് ഇൻസ്ട്രക്ടർ /ട്രേഡ്മാൻമാർക്ക് പോളിടെക്നിക് കോളേജുകളിൽ നൽകി വന്നിരുന്ന 75 രൂപ EB2/42280/14 DTE 7/04/2017 സർക്കുലർ പ്രകാരം ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കാൻ ഉത്തരവ് ഇറങ്ങുകയും ഈ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടും ഈ ആനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുവാനും എ.കെ.ടി.ഒ. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കാൻ തീരുമാനിച്ചു. ഇതിനായി ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി.യെ ചുമതലപ്പെടുത്തി.

## ഇവർ നമ്മളെ നയിക്കുന്നവർ

സംസ്ഥാന പ്രസിഡന്റ്




V. GANGADHARAN
9497632016

ജനറൽ സെക്രട്ടറി



SOORAJ G.
9447208292

ട്രഷറർ



M. NIZAM
8848249635

വൈസ് പ്രസിഡന്റുമാർ

JAIMON Z.T.
9947971033



BEENAKUMARI P.
9946578226



SREEJI MON
9946736475



VALSALAKUMAR
9447965149

ജോയിന്റ് സെക്രട്ടറിമാർ



BIJU S.
9447502592



V.P. ELDHOSE
9846035514



GIRICHANDRAN NAIR
9446106540



SANTHOSH KUMAR P.C.
9495497585


സോണൽ സെക്രട്ടറിമാർ



ABDHUL RAHMAN
9447609311



GOKUL NARAYANAN
9495031307



ABHILASH M.P.
9744583700



RANJITH KUMAR
9946036003

സംസ്ഥാന കമ്മിറ്റി അംഗങ്ങൾ



RAJESH KUMAR N.P.
RIT KOTTAYAM
9495152564



K.M. NAZER
GCE, IDUKKI
9946850543



A.K.VARGHESE
THS KODUNGALLOR
9747944850



K.C.ELDHO
GPTC KALAMASSERY
8301931968



BABY MATHEW
GPTC KOTHAMANGALAM
9846976624



JINU JOHN
GPTC ADOOR
9400055067



MANIKANDAN A.
THS SHORANUR
9400157197

MOHAMED NISSAR
GPTC KORATTY
9447070751



SHINOJ T.V.
GCE THRISSUR
9847259566



MOHAMMAD ABUBAKKAR
SSM POLY TIRUR
9895115534



LALSON K.C.
THS KUTTIPURAM
9895725966



PRASANNAKUMAR
THS KULATHUPUZHA
9497779041

## 27–ാം സംസ്ഥാന സമ്മേളനത്തിന് ശേഷം സംഘടന പൂർത്തീകരിച്ച പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

* 1-4-2017ൽ കോട്ടയം ഹോട്ടൽ മാലി ഇന്റർനാഷണലിൽ വച്ച് സംസ്ഥാന കമ്മിറ്റിയുടെ പ്രഥമയോഗവും 27-ാം സംസ്ഥാന സമ്മേളനത്തിന്റെ വരവുചെലവ് കണക്ക് അംഗീകരിക്കുകയും സ്വാഗതസംഘം പിരിച്ചുവിടുകയും ചെയ്തു.
* AICTE യെകുറിച്ച് പഠിക്കുവാനും റിപ്പോർട്ട് നൽകുവാനും സബ്കമ്മിറ്റി രൂപീകരിച്ചു.
* 26-04-2017-ൽ AKTO അംഗങ്ങളായ ബിജു എസ്. (SN Polytechnic, Kottiyam), ഉദയകുമാർ എസ്. (ഗവ. പോളിടെക്നിക് കോളജ്, കടുത്തുരുത്തി) എന്നിവർക്ക് കോമ്പൻസേറ്ററി അലവൻസ് തിരിച്ചുപിടിക്കൽ ഉത്തരവിനെതിരെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കാൻ ആവശ്യമായ സഹായം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഇവർക്ക് രണ്ടുമാസത്തെ സ്റ്റേ അനുവദിച്ചു.
* 29-04-2017-ൽ കോമ്പൻസേറ്ററി അലവൻസ് തിരിച്ചുപിടിക്കൽ ഉത്തരവിനെതിരേ ഹയർ എഡ്യുക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറിക്കും DTEക്കും ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. പരാതി നൽകി.
* ഉത്തരവിനെതിരേ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി നൽകുന്നതിനും സ്റ്റേ അനുവദിക്കുന്നിതിനും വേണ്ടി അഡ്വ. മണിയെ (വഞ്ചിയൂർ കോടതി, തിരുവനന്തപുരം) ഏൽപ്പിച്ചു.
* 13-05-2017 ൽ AKTO എക്സിക്യൂട്ടീവ് കമ്മിറ്റി ആലുവയിൽ ചേർന്ന് രണ്ടു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി.
* 24-05-2017-ൽ സംഘടനയുടെ ബാങ്ക് അക്കൗണ്ട് പുതിയ ഭാരവാഹികളുടെ പേരിലേക്കാക്കുകയും അക്കൗണ്ട് ആലുവ ബ്രാഞ്ചിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു.
* 25-05-2017-ൽ സംഘടനയുടെ ഫേസ്ബുക്ക് കൂട്ടായ്മ പ്രവർത്തനക്ഷമമാക്കി.www.facebook.com/akto.statecommittee.5

നിലവിലുള്ള സംഘടനയുടെ ബാങ്ക് അക്കൗണ്ട് സിൻഡിക്കേറ്റ് ബാങ്കിന്റെ തിരൂർ ശാഖയിൽ നിന്നും ആലുവ ബ്രാഞ്ചിലേക്ക് മാറ്റിയിരിക്കുന്നു.

**Bank Account Details**

A/c. No. 46002200097005

IFSC Code: SYND0004318



## 2017–18 വർഷത്തെ സംഘടനാ ഭാരവാഹികളെ തെരഞ്ഞെടുക്കൽ

ഭാരവാഹികളെ റിട്ടേണിംഗ് ഓഫീസർ ജമാൽ ഇലവിന്റഴികത്തിന്റെ നേതൃത്വത്തിൽ നടന്നു.

### തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | ശ്രീ. വി. ഗംഗാധരൻ, GPTC, പാലക്കാട് |
| ജനറൽ സെക്രട്ടറി | ശ്രീ. സൂരജ് ജി., RIT, കോട്ടയം |
| ട്രഷറർ | ശ്രീ. എം. നൈസാം, TKMC കൊല്ലം |
| വൈസ് പ്രസിഡന്റുമാർ | ശ്രീ. ജയമോൻ Z.T. , GPTC വെച്ചൂച്ചിറ |
| | ശ്രീമതി ബീനാകുമാരി പി., RIT കോട്ടയം |
| | ശ്രീ. ശ്രീജിമോൻ, GPTC കോട്ടയം |
| | ശ്രീ. വത്സലകുമാർ, GCE കണ്ണൂർ |
| ജോയിന്റ് സെക്രട്ടറിമാർ | ശ്രീ. ബിജു എസ്., SNPTC കൊട്ടിയം |
| | ശ്രീ. വി. പി. എൽദോസ്, MACE കോതമംഗലം |
| | ശ്രീ. ഗിരിചന്ദ്രൻ, NSS പന്തളം |
| | ശ്രീ. സന്തോഷ്കുമാർ പി.സി., THS മഞ്ചേരി |
| സോണൽ സെക്രട്ടറിമാർ | ശ്രീ. അബ്ദുൽ റഫാൻ, TKMC കൊല്ലം |
| | ശ്രീ. ഗോകുൽ നാരായണൻ, CET തിരു. |
| | ശ്രീ. അഭിലാഷ് എം.പി., THS കണ്ണൂർ |
| | ശ്രീ. രഞ്ജിത്കുമാർ, GCE പാലക്കാട് |
| ആഡിറ്റേഴ്സ് | ശ്രീ. വി.എം. അബു, GPTC കോട്ടയം |
| | ശ്രീ. കെ.വി. വിശ്വരാജ്, TKMC കൊല്ലം |

27–ാം സംസ്ഥാന സമ്മേളനം മറ്റു സമ്മേളനങ്ങളിൽ നിന്നും വേറിട്ട ഒന്നായിരുന്നു. അംഗങ്ങൾ സജീവമായി സമ്മേളനത്തിൽ സാന്നിധ്യമറിയിച്ചും കാര്യമാത്ര പ്രസക്തമായി ചർച്ചയിൽ പങ്കെടുത്തും സമ്മേളനത്തെ മികവുറ്റതാക്കി.

## AKTO എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്

### 13–05–2017–ൽ ആലുവ എവറസ്റ്റ് ഹോട്ടലിൽ വച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ

1. അംഗത്വഫീസ് 20 രൂപയായി തുടരുവാനും പ്രവർത്തനഫണ്ട് 400 രൂപാ (നാനൂറ് രൂപ) രണ്ടു ഗഡുക്കളായി (ജൂലൈ – ആഗസ്റ്റ്) സ്വരൂപിക്കാനും തീരുമാനിച്ചു.
2. 2017 ജൂൺ 2ന് തിരുവനന്തപുരത്തുവച്ച് സംസ്ഥാന കമ്മിറ്റിയും മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനവും നടത്തുവാൻ തീരുമാനിച്ചു.
3. സംഘടനയുടെ ന്യൂസ് ലെറ്റർ (Internal circulation) ജൂൺ 2 ന് പ്രകാശനം ചെയ്യുവാൻ തീരുമാനിച്ചു.
4. നിലവിൽ ജില്ലാ കമ്മിറ്റി ഇല്ലാത്ത ജില്ലകളിൽ കമ്മിറ്റി രൂപീകരിക്കാൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരോടൊപ്പം ബന്ധപ്പെട്ട ജില്ലയിലെ സംസ്ഥാന ഭാരവാഹികളേയും ചുമതലപ്പെടുത്തി.
5. Data Bank രൂപീകരിക്കുവാൻ തീരുമാനിച്ചു.
6. അനധികൃത സ്ഥലംമാറ്റം നടത്തിയാൽ സംഘടന ഇടപെടാൻ തീരുമാനിച്ചു.

**Editorial Board**

Sri. V. Gangadharan, Sri. Sooraj G., Sri. M. Nizam, Smt. Beenakumari P., Sri. V P Eldhose

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesmans Organization, State Committee. Designed by : Amma digital Kottayam. Printed at : Dona Colour Printers, Kottayam*